**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **852** — 12.06.2013 ൽ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ കമ്മാണ്ടിക്കടവ് പാലം**

| ചോദ്യം<br>**ശ്രീ പി.റ്റി.എ.റഹീം** | | മറുപടി<br>**ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവവകുപ്പ് മന്ത്രി** |
|---|---|---|
| **(എ)** കോഴിക്കോട് ജില്ലയിലെ കമ്മാണ്ടിക്കടവ് പാലത്തിന്റെ ഇരുകരകളും റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്തുന്നതിന് ഭരണാനുമതി നൽകിയിരുന്നുവോ; വ്യക്തമാക്കുമോ;<br><br>**(ബി)** ഇതിന്റെ പ്രവൃത്തി ഏതുവരെയായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ)<br>&<br>(ബി) | കമ്മാണ്ടിക്കടവ് പാലത്തിന്റെ ഇരുകരകളും റിവർമാനേജ്മെന്റ് ഫണ്ടുപയോഗിച്ച് സംരക്ഷണ പ്രവൃത്തി നടത്തുന്നതിന് ഭരണാനുമതി നൽകിയിരുന്നു. അതിൽ കുന്ദമംഗലം പഞ്ചായത്തിലെ പുഴയുടെ വലതുകരയിൽ 43 ലക്ഷം രൂപയും ചാത്തമംഗലം പഞ്ചായത്തിലെ പുഴയുടെ ഇടതുകരയിൽ 24 ലക്ഷം രൂപയുമാണ് അനുവദിച്ചിരുന്നത്.<br>കുന്ദമംഗലം പഞ്ചായത്തിലെ വലതുകര സംരക്ഷണംപൂർത്തിയായി. ഇടതുകര സംരക്ഷണത്തിന്റെ പ്രവൃത്തി നടത്തിപ്പിന് ചാത്തമംഗലം പഞ്ചായത്തിനെയായിരുന്നു അധികാരപ്പെടുത്തിയിരുന്നത്. പ്രസ്തുത പ്രവൃത്തി പഞ്ചായത്ത് നടപ്പിലാക്കാത്തതിനാൽ പ്രവൃത്തി റദ്ദു ചെയ്തു പകരം 90 ലക്ഷം രൂപയുടെ പുതിയ പ്രവൃത്തിക്കുള്ള പ്രൊപ്പോസൽ ജില്ലാതല വിദഗ്ധ സമിതി അംഗീകരിച്ചിട്ടുണ്ട്. |
| **(സി)** ഇരുകരകളും കെട്ടി സംരക്ഷിക്കാത്തത് കാരണം എം.പി.ഫണ്ടിൽ നിന്നും അനുവദിച്ച പാലം പണി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ഡി)** ബാക്കി പ്രവൃത്തികൾ കൂടി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രവർത്തി ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**